കിട്ടുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്. ഇതുകൂടാതെ 8 ഡെന്റൽ അസിസ്റ്റന്റ് സർജൻമാരെയും നിയമിച്ചിട്ടുണ്ട്. ഇതിൽ 2 പേർ ഉപരിപഠനത്തിനായി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുകിട്ടുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ സേവനം സംബന്ധിച്ച് പഠന റിപ്പോർട്ട്

128 [2562] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡോക്ടർമാരുടെ സേവനം സംബന്ധിച്ച് പഠനം നടത്താൻ നിയോഗിച്ച വൺമാൻ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ ശുപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ശുപാർശകൾ സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്മീഷന്റെ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.†

(സി) ഉണ്ട്.

(ഡി) ഏകാംഗ കമ്മീഷന്റെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള സ്പെഷ്യാലിറ്റി കേഡർ 7-4-1995-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 325/95/41 (ഫിൻ) പ്രകാരം 100 കിടക്കകളിൽ അധികം കിടത്തി ചികിത്സാസൗകര്യങ്ങളുള്ള 96 ആശുപത്രികളിൽ നിലവിൽവന്നു. ഈ സംവിധാനം അനുസരിച്ച് 28-5-2002-ലെ പുതുക്കിയ ഉത്തരവ് (എംഎസ്.) നം. 120/02/ആകുവ.പ്രകാരം 100 കിടക്കകളിലധികം ചികിത്സാ സൗകര്യമുള്ള 96 ആശുപത്രികളിൽ ഒഴിവുവരുന്ന ജൂനിയർ സ്പെഷ്യലിസ്റ്റിന്റെയും സീനിയർ സ്പെഷ്യലിസ്റ്റിന്റെയും തസ്തികകൾ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെക്കൊണ്ടു മാത്രമേ നികത്താറുള്ളു. സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 375 തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. ഇവയിൽ നിയമനം നടത്തുന്നതിനുള്ള സ്പെഷ്യൽ റൂൾ ജി. ഒ. (പി) നം. 28/05/ആകുവ. തീയതി 5-2-2005 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വരുന്നുണ്ട്. സ്പെഷ്യൽ റൂൾ ഭേദഗതിയോടെ പുനഃപ്രസിദ്ധീകരിക്കുകയും ഏതെല്ലാം സ്ഥാപനങ്ങളിൽ ഏതൊക്കെ സ്പെഷ്യാലിറ്റി പോസ്റ്റ് എന്ന് വിവരിക്കുന്ന പട്ടിക ഗവൺമെന്റ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് സ്പെഷ്യാലിറ്റി കേഡർ സംവിധാനം പൂർണ്ണമായും നിലവിൽവരും. മറ്റ് ശുപാർശകളിൻമേൽ നടപടികൾ ഘട്ടംഘട്ടമായി എടുക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ

129 [2565] *ശ്രീ. ഇസ്ഹാക് കുരിക്കൾ:*

,, *കെ. എൻ. എ. ഖാദർ:*

,, *നാലകത്ത് സൂപ്പി:*

,, *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(സി) മലപ്പുറം ജില്ലയിൽ അസിസ്റ്റന്റ് സർജൻമാരുടെ 16 ഒഴിവുകളുണ്ട്. ഇവ നികത്താൻ നടപടി എടുത്തുവരുന്നു.

ഗവ. മെഡിക്കൽ കോളേജുകളിലെ ലക്ചറർ ഇൻ ഫാർമസി

130 [2566] *ശ്രീ. പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവ. മെഡിക്കൽ കോളേജുകളിൽ ലക്ചറർ ഇൻ ഫാർമസിയുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഒഴിവുകൾ മുഴുവനും പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഗവ. മെഡിക്കൽ കോളേജുകളിലെ ലക്ചറർ ഇൻ ഫാർമസി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly